**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3055** **22.6.2012-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മരിച്ചീനി കർഷകർ**

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| | **ശ്രീ. ആർ. രാജേഷ്** | | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മരച്ചീനി കർഷകർ വിപണിയിൽ ഉണ്ടായിട്ടുള്ള വിലയിടിവുമൂലം പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | മരച്ചീനിയിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | 1) 2012-13 -ലെ ബഡ്ജറ്റിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി 300 ലക്ഷം രൂപ എസ്.എഫ്.എ.സി. മുഖേനയുള്ള സംരംഭങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്.<br>2)കേരള ഫീഡ്സ് പോലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ വഴിയും പ്രസ്തുത സാദ്ധ്യതകൾ പഠിച്ച് പരിപാടികൾ ആരംഭിക്കാവുന്നതാണ്.<br>3) കർഷകരിൽ നിന്നും സംഭരിക്കുന്ന മരച്ചീനി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി വിപണനം നടത്തുന്നതിന് 2012-13-ൽ ഹോർട്ടികോർപ്പ് 150 ലക്ഷത്തിന്റെ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ചിപ്സ്, കസാവ ഫ്ളോർ, സ്റ്റാർച്ച് , പൾപ് എന്നിവയാണ് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | കർഷകരിൽ നിന്നും മരച്ചീനി സംഭരിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കർഷകരിൽ നിന്നും ഹോർട്ടികോർപ്പ് മരച്ചീനി സംഭരിച്ച് വിതരണം നടത്തി വരുന്നു. ഇതിനുവേണ്ടി 2011-12 വർഷത്തിൽ 80 ലക്ഷം രൂപ ഹോർട്ടികോർപ്പിന് നൽകുകയുണ്ടായി. |

Snehamol

**സെക്ഷൻ ഓഫീസർ**